● യാത്ര ●



കാരൂർ സോമൻ

# ബിഗ് ബെൻ എന്ന വിസ്മയം

ആ മണിനാദം ഏതാനും നാൾ നിലച്ചത് ലോകമറിഞ്ഞു. 29 ദശലക്ഷം പവൻ ചിലവിട്ട് ഒരു മണി കേടുപാടുകൾ തീർത്തതും വീണ്ടും ചലിച്ചുതുടങ്ങിയതും ലോകം കൗതുകത്തോടെ നോക്കികണ്ടു. അതെ, ബിഗ് ബെൻ ഒരു സംഭവമാണ്.

തേംസ് നദിയിലൂടെയുള്ള ബോട്ട് യാത്ര കഴിഞ്ഞ് ഞങ്ങൾ പുറത്തിറങ്ങി. റോഡിൽ സഞ്ചാരികളുടെ തിരക്ക്. അടുത്ത ലക്ഷ്യം ബിഗ് ബെൻ ആണ്. അതിനു മുൻപ് ഭാര്യയും മക്കളും പാർലമെന്റിനടുത്തുള്ള സെന്റ് മാർഗരറ്റ്സ് പള്ളിയിലേക്ക് നടന്നു. ഞാൻ അവിടെയൊരു തടി ബഞ്ചിലിരുന്ന് കാഴ്ചകൾ കണ്ടു. പള്ളിക്ക് മുന്നിലെ ഉദ്യാനത്തിനപ്പുറം പച്ചപ്പുൽ മൈതാനം നീണ്ടുകിടക്കുന്നു. നിരനിരയായി ഒരേ ഉയരത്തിൽ ആകാശത്തേക്ക് വളരുന്ന വൻ മരങ്ങൾ കൗതുക കാഴ്ചയാണ്. പള്ളിക്ക് സമീപം പല നിറത്തിലുള്ള പൂക്കൾ നിറഞ്ഞ ചെടികൾ. മരങ്ങൾക്കിടയിലെ നടപ്പാതയിലൂടെ നിശ്ശബ്ദരായി കാറ്റുകൊണ്ടു നടക്കുന്നവർ ധാരാളമാണ്. അവരിൽ ചിലർക്കൊപ്പം നായ്ക്കളും പൂച്ചകളുമുണ്ട്. എന്നെ നോക്കി കണ്ണുരുട്ടി കാണിച്ച ഒരു നായുടെ മുഖം കുതിര മുഖംപോലെ തോന്നി. വിത്യസ്തമാർന്ന മുഖമുള്ള നായ്ക്കളെ കണ്ടത് പാശ്ചാത്യ രാജ്യങ്ങളിലാണ്. എന്റെ മുന്നിലൂടെ ഒരു പൂച്ച മുന്നോട്ടോടി അതിന്റെ ഉടമസ്ഥൻ പിറകിൽ നിന്ന് ഇവിടെ വരൂ എന്ന് ഉച്ചത്തിൽ പറഞ്ഞപ്പോൾ അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ പൂച്ച മടങ്ങി വന്നു. ഇവിടുത്തെ നായും പൂച്ചയുമൊക്കെ കുട്ടികളെപ്പോലെ അനുസരണയുള്ളവരാണ്. വഴിയോരങ്ങളിൽ ഇതൊന്നും അലഞ്ഞു നടക്കാറില്ല. എങ്ങും നിശ്ശബ്ദത തീർത്തും ശാന്തമായ അന്തരീക്ഷം.

ഞങ്ങൾ ബിഗ് ബെൻ ലക്ഷ്യമാക്കി നടന്നു. റോഡിൽ പലഭാഗത്തായി കുതിര കളമ്പടികൾ കേൾക്കാം. കറുപ്പും വെളുപ്പും നിറത്തിലുള്ള കരുത്തരായ കുതിരകൾ കടന്നുപോയി. കുതിരപ്പുറത്ത് പോലീസുകാർ. ഇത്രയും സൗന്ദര്യവും ആരോഗ്യവുമുള്ള കുതിരകളെ ഞാൻ ആദ്യം കാണുകയാണ്. കണ്ണിൽ നിന്ന് മായുന്നവരെ ശ്രദ്ധിച്ചുപോയി.കു





വിക്ടോറിയ രാജ്ഞി



ക്യൂൻ എലിസബത്ത്

തിരകളുടെ കുളമ്പടി ശബ്ദത്തിനും ഒരു സംഗീതമുണ്ട്.

പുസ്തകങ്ങളിലും ടിവിയിലും കണ്ടു പരിചയമുള്ള ലോകവിസ്മയമായ ബിഗ് ബെന്നിന് മുന്നിൽ നിന്ന് മുകളിലേക്ക് നോക്കി. നേരിൽ കാണുമ്പോഴാണ് അതിന്റെ മഹത്വം മനസ്സിലായത്. അപ്പോഴാണ്. മലയാളത്തിലെ ഒരു പഴമൊഴി ഓർത്തത്. കണ്ടു വരേണ്ടത് പറഞ്ഞു കേട്ടാൽ മതിയോ, സത്യമാണ്. കുടത്തിൽ വെച്ച വിളക്കുപോലെ ടിവിയിൽ കണ്ടതുകൊണ്ടായില്ല. ലണ്ടന്റെ ശക്തിയും സൗന്ദര്യവും വിളിച്ചോതുന്ന ബിഗ് ബെന്നിനെ ഇമവെട്ടാതെ ഏറെ നേരം നോക്കി നിന്നു. ബിഗ് ബെൻ ഈ അടുത്ത കാലത്തുവരെ ലോകത്തെ ഏറ്റവും മുന്നിൽ നിന്ന ക്ലോക്ക് ടവറായിരുന്നു. ഈ ടവർ ബ്രിട്ടന്റെ ഹൃദയവികാരമാണ്,അനുഗ്രഹമാണ്. സൂര്യരശ്മികൾ പതിച്ച ബിഗ് ബെൻ തിളങ്ങുന്നു. മുൻപ് കണ്ട ഒരു കുതിരപോലീസ് ഒരു ഭാഗത്ത് നിലയുറപ്പിച്ചിട്ടുണ്ട്. ബിഗ് ബെൻ മഞ്ഞിലും മഴയിലും വെയിലത്തും പാർലമെന്റിന് മുന്നിൽ ഓരോ മണിക്കൂർ ഇടവിട്ട് മണിനാദം മുഴക്കുന്നു. ഇതുപോലുള്ള ക്ലോക്കുകൾ ആകാശത്തിന്റെ മണിത്തട്ടിൽ തീർക്കാൻ സമ്പന്ന രാജ്യങ്ങൾക്കു മാത്രമേ കഴിയൂ. 1859 ൽ വിക്ടോറിയ രാജ്ഞിയാണ് ഈ ബിഗ് ബെൻ പണികഴിപ്പിച്ചത്.

വിക്ടോറിയ രാജ്ഞി 1837 മുതൽ 1901 വരെയാണ് ബ്രിട്ടൺ ഭരിച്ചത്. ബ്രിട്ടന്റെ സുവർണ്ണകാലമായിരുന്നത്. സാഹിത്യത്തിലും സംഗീതത്തിലും സ്ക്കോട്ടിഷ് കവിതകളിലുമൊക്കെ ഏറെ തൽപരയായിരുന്ന രാജ്ഞിയിൽ ഒരു കലാഹൃദയം ഉണ്ടായിരുന്നു എന്നാണ് ബിഗ് ബെൻ വ്യക്തമാക്കുന്നത്. രാജ്ഞിതന്നെ അതീവ സുന്ദരിയായിരുന്നു. 315 അടി ഉയരമുള്ള ബിഗ് ബെന്നിന് 334 കൽപ്പടവുകളാണ് മുകളിലേക്കുള്ളത്. 1859 ജൂലൈ 11 നാണ് ഈ കൂറ്റൻ മണി ആദ്യം ശബ്ദിച്ചത്. 13.5 ടൺ ആണ് ഇതിന്റെ ഭാരം. 2.2 മീറ്റർ ഉയരവും 2.7 മീറ്റർ വ്യാസവുമുണ്ട് മണിക്ക്. തേംസ് നദിയുടെ വടക്കൻ തീരത്താണ് ഒരു രാജ്യത്തിന്റെ അലങ്കാരമായി ബിഗ് ബെൻ നിൽക്കുന്നത്. എത്രയോ രാജ്യങ്ങളിൽ നിന്നുള്ളവരാണ് ഈ അദ്ഭുതം കാണാൻ എത്തിയിരിക്കുന്നത്. അവരെല്ലാം ബ്രിട്ടന്റെ ഭൂതകാല വളർച്ചകളും പ്രൗഡിയും ചിന്തിക്കാതിരിക്കില്ല.

കാഴ്ചയിലെ ഭംഗി മണിനാദത്തിനുമുണ്ട്. ഹൃദ്യമായ കാഴ്ച. മണിമുഴക്കം ഒരു വിളിച്ചുണർത്തൽ ആണ്. ഗതകാല സ്മരണകളെക്കുറിച്ചുള്ള ഓർമപ്പെടുത്തൽ. യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും വഴിയോരങ്ങളിൽ ഉയർന്നു നിൽക്കുന്ന ക്ലോക്കുകളുണ്ടെങ്കിലും ബിഗ് ബെൻ ഒരു വിസ്മയം തന്നെയാണ്. പലരും ബിഗ് ബെന്നിനെ കോപ്പി ചെയ്തെങ്കിലും ബിഗ് ബെന്നിനു അടുത്തുപോലുമെത്താൻ കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. അത്രമാത്രം സുന്ദരവും ശിൽപഭംഗിയിലുമാണ് ബിഗ് ബെൻ തീർത്തിരിക്കുന്നത്. കാഴ്ചക്കാരായി വരുന്നവർ സ്വയം മറന്നങ്ങ് നോക്കി നിൽക്കുന്നു. ഞങ്ങളുടെ അടുത്തായി മദ്ധ്യ വയസ്ക്കയായ ഒരു മദാമ്മ തന്റെ നായയുമായി വന്ന് നിന്ന് ബിഗ് ബെന്നിന്റെ സൗന്ദര്യം ആസ്വദിക്കുന്നു. മാദാമ്മ മുകളിലേക്കു നോക്കുമ്പോൾ നായും നോക്കും.മാദാമ്മ തല താഴ്ത്തുമ്പോൾ നായും തല താഴ്ത്തും. അത് കണ്ട് എന്റെയുള്ളിൽ ചിരിയൂറിവന്നു. മറ്റുള്ളവരേപ്പോലെ എന്റെ




മകൾ സിമ്മിയും ഫോട്ടോകൾ എടുത്തുകൊണ്ടിരുന്നു. ഈ നായയുടെ ഓരോ ചലനങ്ങളും അവൾ ക്യാമറയിൽ ഒപ്പിയെടുക്കുന്നുണ്ടായിരുന്നു. മാദാമ്മയുടെ കാവൽ ക്കാരനായിട്ടാണ് നായ് നിലകൊള്ളുന്നത്.

റോഡിന്റെ ഒരു കോണിൽ താടിയും മുടിയും വളർത്തിയ ഒരു പാട്ടുകാരൻ വാദ്യോപകരണങ്ങളുമായി ഇംഗ്ലീഷ് ഗാനം പാടുന്നു. സായിപ്പിന്റെ മുന്നിൽ ഒരു വെള്ളത്തുണി വിരിച്ചിട്ടിട്ടുണ്ട്. അതിൽ ഏതാനും നാണയങ്ങൾ കിടപ്പുണ്ട്. അദ്ദേഹത്തിന്റെ മുന്നിൽ പ്രായഭേദമന്യേ പലരും ഗാനം ആസ്വദിക്കുന്നു. മറ്റ് ചിലർ അവരുടെ മുന്നിലൂടെ അതിവേഗം നടന്നു നീങ്ങുന്നു. ഏതാനും യുവസുന്ദരിമാർ ധൃതിയിൽ അവിടേക്ക് വന്ന് പാട്ടിൽ ലയിച്ചു നിന്നു. ഗായകന്റെ മുന്നിൽ ഒന്നിലധികം ഗാനോപകരണങ്ങളാണുള്ളത്. പാട്ടിന്റെ താളമനുസരിച്ച് കൈവിരലുകൾ മാറി മാറി ചലിപ്പിക്കുന്നത് ആരിലും ആശ്ചര്യമുണർത്തും. ഒരേ സമയം ഒന്നിലധികം സംഗീതോപകരണങ്ങളിൽ കൈവിരലോടിക്കുക അതിനൊപ്പം പാടുക എല്ലാ ഗായകർക്കും സാധിക്കുന്ന കാര്യമല്ല. ബ്രിട്ടീഷുകാർ സംഗീതത്തിൽ മാത്രമല്ല എല്ലാരംഗത്തും മിഴിവ് തെളിയിച്ചിട്ടുള്ളവരാണ്. രണ്ട് മണിയായി എന്നറിയിക്കുന്ന ശബ്ദം ക്ലോക്കിൽ നിന്നുയർന്നു. ഞാൻ ഒരു പൗണ്ടിന്റെ നാണയം തുണിയിൽ

ഇട്ടിട്ടു നടന്നു. ഞാൻ താമസിക്കുന്ന ന്യൂഹാം കൗൺസിലിന്റെ മുകളിലും ഒരു ക്ലോക്കുണ്ട്. അതിൽ നിന്ന് ഓരോ മണിക്കൂറിലും സമയമറിയിക്കുന്നത് എന്റെ വീട്ടിലിരുന്ന് കേൾക്കാം.എന്റെ ചെറുപ്പത്തിൽ ഇതുപോലുള്ള സമയം അറിയിച്ചിരുന്നത് ചാരുംമൂട്ടിലെ സെന്റ് മേരീസ് കത്തോലിക്ക പള്ളിയിലെ മണിനാദമായിരുന്നു.

ബിഗ് ബെൻ കണ്ടിട്ട് വെസ്റ്റ്മിനിസ്റ്റർ കൊട്ടാരം കാണാനായി നടന്നു. തേംസ് നദിയുടെ തീരത്ത് ലോകത്തിന്റെ സർവ്വാധിപത്യം എന്നിലെന്ന ഭാവത്തിൽ നിൽക്കുന്ന അതിമനോഹരമായ വെസ്റ്റ്മിനിസ്റ്റർ കൊട്ടാരം. ബ്രിട്ടീഷ് പാർലമെന്റ് മന്ദിരം യുനസ്കോയുടെ അടയാളപ്പെടുത്തപ്പെട്ട ലോക പൈതൃകങ്ങളിൽ ഒന്നാണ്. വെസ്റ്റ്മിനിസ്റ്റർ പാലസ് ആയി അറിയപ്പെടുന്ന ഈ കെട്ടിടം പണിതുയർത്തിയത് വിശുദ്ധ എഡ്വേർഡ് രാജാവാണ്. (1003–1066) ഒക്സ്ഫെഡിൽ ജനിച്ച് രാജഭരണത്തിനൊപ്പം വിശുദ്ധനായി മാറിയ രാജാവ് ആണ് പാലസ് ഓഫ് വെസ്റ്റമിനിസ്റ്ററും ലോകത്തിലെ തന്നെ പുരാതനവും പ്രശസ്തവുമായ വെസ്റ്റ്മിനിസ്റ്റർ ആബേ ദേവാലയം നിർമ്മിച്ചത്. ബ്രിട്ടീഷ് രാജവംശത്തിൽ ഒരു വിശുദ്ധനായ രാജാവുണ്ടായിരുന്നുവെന്ന് എനിക്കും പുതിയൊരു അറിവായിരുന്നു. ഈ ദേവാലയത്തിൽ വെച്ച് രാജവംശത്തിന്റെ കിരീടധാരണ ചടങ്ങുകൾ നടക്കാറുണ്ട്.



സെയ്ന്റ് എഡ്വാർഡ് കിംഗ്

രാജഭരണമെന്ന് കേട്ടപ്പോൾ സൗദിയിൽ നിന്ന് ബ്രിട്ടണിൽ എത്തിയ എനിക്ക് മറ്റൊരു ധാരണയായിരുന്നു ഗൾഫ് അല്ല ബ്രിട്ടൺ. ഇത് ജനാധിപത്യത്തിന്റെ ശ്രീകോവിൽ ആണ്. ഇൻഡ്യകാർക്ക് രാഷ്ട്രപതി എന്ന പോലെയാണ് ബ്രിട്ടന്റെ രാജാവും രാജ്ഞിയും . എഡ്വേർഡ് രാജാവ് മുതൽ എലിസബത്ത് രാജ്ഞി വരെ ആ തലമുറ എത്തിപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷ് സംസ്ക്കാരത്തിന് ലഭിച്ച വരദാനമാണ് പാർലമെന്റ് മന്ദിരമായ പാലസ് ഓഫ് വെസ്റ്റ്മിനിസ്റ്ററും, വെസ്റ്റ്മിനിസ്റ്റർ ആബെയും. ഈ കൊട്ടാരം കാണുന്നവർക്ക് വിശുദ്ധ എഡ്വേർഡ് രാജാവിനെ ഓർക്കാതിരിക്കാൻ സാദ്ധ്യമല്ല. ആദ്യം ഇത് രാജകൊട്ടാരമായിരുന്നു. പിന്നീടാണ് പാർലമെന്റ് മന്ദിരമായത്. പുരാതന ഗോഥിക് മാതൃകയിൽ പണികഴിപ്പിച്ചിട്ടുള്ളതാണ് ഈ കൊട്ടാരം. നിമിഷങ്ങൾ ധ്യാനനിരതനായി മറ്റുള്ളവർക്കൊപ്പം ഞാനും നോക്കി നിന്നു. അതിനെ ദേവി ദർശനമെന്നോ ആരാധനയെന്നോ പേരിട്ടു വിളിക്കാം. ആരാധനാ മൂർത്തി ആരെന്നതിലല്ല അതിലുപരി വിശ്വാസമാണ് വലുത്. എഡ്വേർഡ് രാജാവ് ഒരു ആരാധനാമൂർത്തിയായതുകൊണ്ടാണ് ഈ കൊട്ടാരം പ്രകാശപൂരിതമായി നിലകൊള്ളുന്നത്. ഇതിനടുത്തായി കൊടുമുടികളോ പാറക്കെട്ടുകളോ താഴ്വാരങ്ങളോ ഒന്നുമില്ലെങ്കിലും ലണ്ടന്റെ സൗന്ദര്യ റാണിയായ തേംസ് നദി വെസ്റ്റ് മിനിസ്റ്റർ പാലസിനെ തഴുകിയുണർത്തിയൊഴുകുന്നു. അഴകു വിരിച്ചു നിൽക്കുന്ന കൊട്ടാരത്തിനടുത്തു കൂടി നീന്തിതുടിച്ചൊഴുകുന്ന നദിയിലേക്ക് സഞ്ചാരികൾ നോക്കി നിൽക്കുന്നു. വിരുന്നുകാരെപ്പോലെ ബോട്ടുകൾ കടന്നുപോകുന്നു. എഡ്വേർഡ് രാജാവിനെ എല്ലാവരും വാഴ്ത്തി പാടിയതിന്റെ പ്രധാന കാരണം ദന്തഗോപുരത്തിന്റെ മാധുര്യം നുണയുന്നതിനേക്കാൾ ആത്മാവിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് രോഗികൾക്കും ദുഖിതർക്കും വേണ്ടി പ്രാർത്ഥിക്കുമായിരുന്നു. ആത്മാവിൽ പൂത്തുലഞ്ഞ ഒരു ജീവിതമായിരുന്നു രാജാവിന്റേത്. ആയതിനാൽ സമൂഹത്തിൽ ശാന്തിയും സമാധാനവും നിലനിന്ന് പോന്നു. എഡ്വേർഡ് രാജാവിനെ വിശുദ്ധനായി പ്രഖ്യാപി

